# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2710 — 06.02.2018- ലെ മറുപടി

## കടലാക്രമണ ഭീഷണി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.റ്റി.വി.രാജേഷ് | | മാത്യു.ടി. തോമസ് (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കടലാക്രമണ ഭീഷണി നേരിടുന്ന കല്ല്യാശ്ശേരി മണ്ഡലത്തിലെ മാട്ടൂൽ,മാടായി പഞ്ചായത്തുകളിലെ പലഭാഗങ്ങളിലും പുതിയ സംരക്ഷണ ഭിത്തികൾ നിർമ്മിക്കുന്നതിനും, പൊളിഞ്ഞവ പുതുക്കിപ്പണിയുന്നതിനും, പുലിമുട്ടുകൾ നിർമ്മിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ; | (എ) | തലശ്ശേരി ഡിവിഷനിലെ കല്യാശ്ശേരി മണ്ഡലത്തിലെ മാടായി, മാട്ടൂൽ പഞ്ചായത്തിലെ തകർന്ന കടൽഭിത്തി പുനരുദ്ധീകരിക്കുന്നതിനായി നാല് പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ ഒരു പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധം 1-ൽ ചേർക്കുന്നു.<br>2018 - 19 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ച കല്ല്യാശ്ശേരി മണ്ഡലത്തിലെ മാട്ടൂൽ മാടായി പഞ്ചായത്തുകളിലെ പ്രവൃത്തികളുടെ പ്രൊപ്പോസലുകൾ അനുബന്ധം 2-ൽ ചേർക്കുന്നു. |
| (ബി) | കടലാക്രമണഭീഷണി നേരിടുന്ന തീരങ്ങളിൽ സി.ഡബ്ള്യ .പി ആർ.എസ് മുഖേന പഠനം നടത്തി റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | കേരളത്തിലെ കടൽത്തീരങ്ങളെക്കുറിച്ച് ഒരു പ്രാഥമിക പഠനം (Mathematical Model studies for shoreline changes for comprehensive study on sea erosion along the Kerala coast) നടത്തി സി.ഡബ്ല്യൂ.പി.ആർ.എസ്. റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം - I

1. മാട്ടൂൽ പഞ്ചായത്തിൽ പുതിയങ്ങാടി നീരൊഴുക്കും ചാൽ എന്ന സ്ഥലത്ത് ചെ. 100/400 കി. മീ. നും 100/550 കി.മീ. നും ഇടയിൽ 103 മീറ്റർ നീളത്തിൽ തകർന്ന കടൽ ഭിത്തിയുടെ പുന:രുദ്ധാരണ പ്രവൃത്തി (CPS No.2395) : 40 ലക്ഷം രൂപ - പ്രവൃത്തി പൂർത്തീകരിച്ചു.
2. മാടായി പഞ്ചായത്തിൽ പുതിയങ്ങാടി- നീരൊഴുക്കുംചാൽ എന്ന സ്ഥലത്ത് ചെ: 100/200 മുതൽ 100/264 കി.മീ. വരെ 64 മീറ്റർ നീളത്തിൽ തകർന്ന കടൽ ഭിത്തിയുടെ പുന:രുദ്ധാരണ പ്രവൃത്തി (CPS No.2396) : 25 ലക്ഷം രൂപ - റീ ടെണ്ടറിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
3. മാടായി പഞ്ചായത്തിൽ , പുതിയങ്ങാടി- നീരൊഴുക്കുംചാൽ എന്ന സ്ഥലത്ത് ചെ: 100/264 നും ഇടയ്ക്ക് 100/325 കി.മീ വരെ 40 മീറ്റർ നീളത്തിൽ തകർന്ന കടൽ ഭിത്തിയുടെ പുന:രുദ്ധാരണ പ്രവൃത്തി (CPS No.2396) : 15 ലക്ഷം രൂപ - റീ ടെണ്ടറിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു
4. മാടായി പഞ്ചായത്തിൽ പുതിയങ്ങാടി- നീരൊഴുക്കുംചാൽ എന്ന സ്ഥലത്ത് ചെ: 100/305 നും ഇടയ്ക്ക് 100/400 കി.മീ വരെ 95 മീറ്റർ നീളത്തിൽ തകർന്ന കടൽ ഭിത്തിയുടെ പുന:രുദ്ധാരണ പ്രവൃത്തി(CPS No.2395) : 43 ലക്ഷം രൂപ - റീ ടെണ്ടറിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം - 2

| ക്രമ നം. | പ്രവൃത്തിയുടെ പേര് | മതിപ്പ് തുക |
|---|---|---|
| 1 | മാടായി പഞ്ചായത്തിൽ പുതിയങ്ങാടിയിൽ ചെ. 96/850 മുതൽ 97/100 കിലോമീറ്റർ വരെ 250 മീ. നീളത്തിൽ കടൽ ഭിത്തി നിർമ്മാണം. | 42,00,000 |
| 2 | മാടായി പഞ്ചായത്തിൽ പുതിയങ്ങാടിയിൽ ചെ. 97/100 മുതൽ 97/321 കിലോമീറ്റർ വരെ 221 കിലോ മീറ്റർ നീളത്തിൽ കടൽ ഭിത്തി നിർമ്മാണം. | 51,00,000 |
| 3 | മാട്ടൂൽ പഞ്ചായത്തിൽ കക്കാടഞ്ചലിൽ ചെ. 101/200 കി.മീ മുതൽ 101/400 കി.മീ കടൽഭിത്തിയുടെ പുനർനിർമ്മാണം. | 68,00,000 |
| 4 | മാട്ടൂൽ പഞ്ചായത്തിൽ കക്കാടഞ്ചിൽ ചെ. 100/800 കി.മീ മുതൽ 100/950 കി.മീ കടൽഭിത്തിയുടെ പുനർനിർമ്മാണം. | 50,00,000 |
| 5 | മാട്ടൂൽ പഞ്ചായത്തിൽ നീരൊഴുക്കുംചാൽ ചെ. 100/430 കി.മീ മുതൽ 100/680 കി.മീ കടൽഭിത്തിയുടെ പുനർനിർമ്മാണം. | 70,00,000 |
| 6 | മാട്ടൂൽ പഞ്ചായത്തിൽ കക്കാടഞ്ചലിൽ ചെ. 101/200 കി.മീ മുതൽ 100/850 കി.മീ കടൽ ഭിത്തിയുടെ പുനർ നിർമ്മാണം. | 51,00,000 |
| 7 | മാട്ടൂൽ പഞ്ചായത്തിൽ നീരൊഴുക്കുംചാൽ ചെ. 100/190 കി.മീ മുതൽ 100/360 കി.മീ കടൽഭിത്തിയുടെ പുനർനിർമ്മാണം. | 54,00,000 |
| 8 | മാട്ടൂൽ പഞ്ചായത്തിൽ നീരൊഴുക്കുംചാൽ ചെ. 107/500 കി.മീ മുതൽ 107/785 കി.മീ കടൽഭിത്തിയുടെ പുനർനിർമ്മാണം. | 94,00,000 |
| 9 | മാട്ടൂൽ പഞ്ചായത്തിലെ തകർന്ന കടൽഭിത്തി പുതുക്കിപ്പണിയുന്നതിന് | 4,39,00,000 |
| 10 | മാട്ടൂൽ ഗ്രാമപഞ്ചായത്തിൽ ചെ. 107/500 മുതൽ 107/785 കി.മീ. വരെ തകർന്ന കടൽഭിത്തിയുടെ അടിയന്തിര അറ്റകുറ്റപ്പണികൾ | 94,00,000 |
| 11 | മാട്ടൂൽ ഗ്രാമപഞ്ചായത്തിൽ ചെ. 107/24 മുതൽ 107/500 കി.മീ. വരെ തകർന്ന കടൽഭിത്തിയുടെ അടിയന്തിര അറ്റകുറ്റപണികൾ. | 52,00,000 |
| 12 | മാടായി ഗ്രാമപഞ്ചായത്തിൽ പുതിയങ്ങാടിയിൽ ചെ. 97/949 മുതൽ 700 മീ. നീളത്തിൽ തകർന്ന കടൽഭിത്തി പുനരുദ്ധാരണം. | 2,25,00,000 |
| 13 | മാടായി പഞ്ചായത്തിൽ നീരൊഴുക്ക് ചാലിൽ ചെ.100/190 വരെ 170 മീ. നീളത്തിൽ തകർന്ന കടൽ ഭിത്തിയുടെ അടിയന്തിര പുനരുദ്ധാരണം. | 66,00,000 |

സെക്ഷൻ ഓഫീസർ